# ഓൺലൈൻ ക്ലാസ്സുകൾ സ്മാർട്ടാക്കി യു.സി. കോളേജ്




യു.സി. കോളേജിലെ ലൈറ്റ് ബോർഡ് സംവിധാനം മാനേജർ റവ. തോമസ് ജോൺ ഉദ്ഘാടനം ചെയ്യുന്നു. പ്രിൻസിപ്പാൾ ഡോ. ഡേവിഡ് സാജ് മാത്യു, ഡോ. അനിൽ തോമസ് കോശി, ഡോ. വിധു നാരായൺ എന്നിവർ സമീപം

യു.സി. കോളേജിലെ ഓൺലൈൻ ക്ലാസ്സുകൾ ഇനി കൂടുതൽ സ്മാർട്ടാവും. ഓൺലൈൻ ക്ലാസ്സുകൾ കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കുന്ന ഡിജിറ്റൽ ലൈറ്റ്ബോർഡ് സംവിധാനം യു.സി. കോളേജിൽ തയ്യാറായി. മീറ്റ്, ക്ലാസ്റൂം തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലെ അധ്യയന പരിമിതികളെ മറികടക്കുന്നതാണ് ലൈറ്റ്ബോർഡ് സംവിധാനം. കുട്ടികൾക്ക് മികച്ച ക്ലാസ്സുകൾ നൽകാനുള്ള പുതിയ ലൈറ്റ് ബോർഡ് സാങ്കേതികവിദ്യ യു.സി.കോളേജ് സ്വന്തമായി വികസിപ്പിച്ചെടുത്തതാണ്. അധ്യാപകർ ബോർഡിലേക്കു തിരിഞ്ഞു നിന്നു ക്ലാസെടുക്കുന്ന പരമ്പരാഗത രീതിയിൽ നിന്നു വ്യത്യസ്തമായി മുന്നോട്ടുനോക്കിനിന്ന് കുട്ടികളോട് സംവദിക്കുമ്പോൾത്തന്നെ തൊട്ടുമുന്നിലുള്ള എൽഇഡി ലൈറ്റ് ബോർഡിൽ എഴുതി ആശയങ്ങൾ വിശദീകരിക്കാനാവും എന്നതാണ് ലൈറ്റ് ബോർഡിന്റെ സവിശേഷത. ലൈറ്റ്ബോർഡുകൾ നിർമ്മിക്കാനുപയോഗിക്കുന്ന സാധാരണഗ്ലാസിനു പകരം അപകടരഹിതമായ ക്ലിയർ അക്രിലിക് ബോർഡാണ് യു.സി. കോളേജിൽ ഉപയോഗിച്ചിരിക്കുന്നത്. വിപണിയിൽ ഒരു ലക്ഷം മുതൽ ഒന്നര ലക്ഷം രൂപ വരെ വിലയുള്ള ലൈറ്റ് ബോർഡ് അഥവാ ലേണിങ് ഗ്ലാസ് വളരെ കുറഞ്ഞ ചെലവിലാണ് യു. സി. കോളേജ് സ്വന്തമായി വികസിപ്പിച്ചത്. വിദേശ സർവകലാശാലകളിലും ഐ.ഐ.ടി.കളിലും ലേണിങ് ഗ്ലാസ് ഉണ്ട്. യു.സി.കോളേജിലെ അധ്യാപകരായ ഡോ. അനിൽ തോമസ് കോശി, ഡോ. സുനിൽ ഏബ്രഹാം തോമസ്, ഡോ. വിധു നാരായൺ എന്നിവർ ചേർന്നാണ് കോളേജ് വർക്സ് വിഭാഗത്തിന്റെ സഹായത്തോടെ ലൈറ്റ്ബോർഡ് സംവിധാനം തയാറാക്കിയത്.

**ലൈറ്റ് ബോർഡിന്റെ പ്രവർത്തനം**

ഇ-ലേണിങ് സ്റ്റുഡിയോയിൽ സ്ഥാപിച്ചിട്ടുള്ള ആറടി നീളവും നാലടി ഉയരവുമുള്ള അക്രിലിക് ബോർഡിലൂടെ ഡയോഡുകളിൽ നിന്നും പ്രകാശം പ്രസരിക്കുമ്പോൾ ഫ്ലൂറസന്റ് ഡ്രൈ ഇറേസ് മാർക്കർ അല്ലെങ്കിൽ ലിക്വിഡ് ചോക്ക് മാർക്കർ ഉപയോഗിച്ച് അധ്യാപകർ ക്യാമറയ്ക്കഭിമുഖമായി നിന്ന് എഴുതുന്നു. അധ്യാപകർ ക്ലാസെടുക്കുന്നത് വീഡിയോയിൽ പകർത്തി എഡിറ്റിങ് സോഫ്റ്റ്‌വെയറുപയോഗിച്ച് മിറർ ഇമേജിനെ യഥാർത്ഥ വീഡിയോ ചിത്രമാക്കി മാറ്റും. അധ്യാപകർ ബോർഡിൽ എഴുതുന്നതിനു പുറമേ പോസ്റ്റ് പ്രൊഡക്ഷനിൽ പഠനത്തിനു സഹായകമായ ചിത്രങ്ങളും അനിമേഷനുകളും ചേർക്കുന്നു. എഡിറ്റിങ് പൂർത്തീകരിച്ച് ഇങ്ങനെ തയ്യാറാക്കുന്ന ക്ലാസുകളുടെ വീഡിയോകൾ മറ്റു കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും വിവിധവിഷയങ്ങൾ മനസ്സിലാക്കാൻ താൽപ്പര്യമുള്ള ഏതൊരാൾക്കും പ്രയോജനപ്പെടുന്ന തരത്തിൽ ഓപ്പൺ കോഴ്സ് വെയറായി കോളേജിന്റെ യൂട്യൂബ് ചാനലിൽ പ്രസിദ്ധീകരിക്കും. ലൈവ്ഫ്ലിപ് സംവിധാനമുള്ള സോഫ്റ്റ്‌വെയറുകളുടെ സഹായത്തോടെ ലൈവ് ക്ലാസുകളും എടുക്കാനാവുന്ന വിധത്തിലാണ് ലൈറ്റ് ബോർഡ് സംവിധാനം ക്രമീകരിച്ചിരിക്കുന്നത്.

5-10-2020 തിങ്കളാഴ്ച രാവിലെ പത്തുമണിക്ക് ലൈറ്റ് ബോർഡിന്റെ ഉദ്ഘാടനം കോളേജ് മാനേജർ റവ. തോമസ് ജോൺ നിർവഹിച്ചു. പ്രിൻസിപ്പാൾ ഡോ. ഡേവിഡ് സാജ് മാത്യു അധ്യക്ഷത വഹിച്ചു. ഡോ. അനിൽ തോമസ് കോശി, ഡോ. എം. ഐ. പുന്നൂസ്, ഡോ. വിധു നാരായൺ, ഡോ. സുനിൽ ഏബ്രഹാം തോമസ് എന്നിവർ സംസാരിച്ചു.